# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1348 — 21.03.2012 ൽ മറുപടിയ്ക്ക്

## വായ്പ എടുത്തയാൾ മരണപ്പെട്ടാൽ വായ്പ തുകയും പലിശയും ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തയാൾ മരണപ്പെട്ടാൽ പലിശയും വായ്പതുകയും ഒഴിവാക്കി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്ന 01.04.2008 തീയതിയ്ക്ക് മുൻപ് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തയാൾ മരണപ്പെട്ടാൽ പലിശയും വായ്പാ തുകയും ഒഴിവാക്കി നൽകാൻ നിലവിൽ നിയമവ്യവസ്ഥയില്ല. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമായ സഹകരണ സംഘങ്ങളിൽ നിന്നും ടി പദ്ധതി നിലവിൽ വന്ന 01.04.2008 ന് ശേഷം വായ്പ എടുക്കുന്ന വായ്പക്കാർ മരണപ്പെട്ടാൽ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ മുതലും പലിശയും ചില വ്യവസ്ഥകൾക്ക് വിധേയമായി എഴുതിത്തള്ളാനാണ് നിയമ വ്യവസ്ഥയുള്ളത്. ഇപ്രകാരം തുക എഴുതിത്തള്ളുന്നതിനായി വായ്പക്കാരൻ വായ്പ എടുക്കുമ്പോൾ വായ്പയുടെ 0.2% എന്ന നിരക്കിൽ പരമാവധി 250 രൂപയും കുറഞ്ഞ വിഹിതം 50 രൂപയും പ്രീമിയമായി അടയ്ക്കേണ്ടതാണ്. വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളിൽ നിന്നും നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിച്ച് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളായതിനാൽ റിസ്ക് ഫണ്ട് സ്കീം പ്രകാരമല്ലാതെ വായ്പ എഴുതിതള്ളാൻ നിയമതടസ്സം ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | ദരിദ്ര കുടുംബങ്ങൾ ഈ രീതിയിൽ വായ്പ തുകയിൽ ഇളവ് നൽകുന്നതിന് അപേക്ഷ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ഇത്തരം ആളുകളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യതൊഴിലാളികൾ, കയർ തൊഴിലാളികൾ, കാപ്പികർഷകർ എന്നീ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ഒരു നിശ്ചിത പരിധി വരെയുള്ള വായ്പ തുക എഴുതിത്തള്ളുന്നതിനും പലിശ ഇളവു നൽകുന്നതിനും സർക്കാർ കടാശ്വാസ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിന് കർഷക കടാശ്വാസ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ